(സി) ഇക്കാര്യത്തിൽ ഗവൺമെന്റ് എന്ത് നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ട്;

(ഡി) പഞ്ചായത്ത്-മുനിസിപ്പൽ-കോർപ്പറേഷൻ മെമ്പർമാർക്ക് അവരുടെ സേവനങ്ങളെ പരിഗണിച്ച് പ്രതിമാസ അലവൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) നിലവിലുള്ള പഞ്ചായത്ത് അംഗങ്ങളുടെ കഴിഞ്ഞ ദീർഘകാലത്തെ സർവ്വീസ് പരിഗണിച്ച് ഇന്നുള്ള പഞ്ചായത്തംഗങ്ങൾ സ്ഥാനം ഒഴിയുന്ന സന്ദർഭത്തിൽ അവർക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ മന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) :

(എ) ഉണ്ട്.

(ബി) 49 പഞ്ചായത്തുകളിൽനിന്നും പ്രമേയങ്ങൾ കിട്ടിയിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ നടപടികൾ എടുക്കാൻ ഇപ്പോൾ ഉദ്ദേശമില്ല.

(ഡി) പ്രതിമാസ അലവൻസ് നൽകുന്ന കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) ഇക്കാര്യത്തിൽ നടപടികൾ എടുക്കാൻ ഇപ്പോൾ ഉദ്ദേശമില്ല.

ശ്രീ. പി എൻ. ചന്ദ്രസേനൻ : എം. പി. മാർക്കും എം. എൽ. എ. മാർക്കും പെൻഷൻ അനുവദിച്ചിട്ടുണ്ട്. പിന്തുണ കൊല്ലക്കാലം തുടർച്ചയായി പഞ്ചായത്ത് മെമ്പർമാരായിരുന്നിട്ടുള്ളവർക്കുകൂടി എന്തെങ്കിലും പെൻഷൻ അനുവദിച്ചുകൊടുക്കേണ്ടതല്ലേ? സാമാന്യമര്യാദയല്ലേ? അതിന് ബഹുമാനപ്പെട്ട ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : എം. പി. മാർക്കും എം. എൽ. എ. മാർക്കും തന്നെ ഇപ്പോഴേ പെൻഷൻ അനുവദിച്ചിട്ടുള്ളൂ. പഞ്ചായത്ത് മെമ്പർമാരുടെ കാര്യവും കുറെക്കഴിയുമ്പോൾ ശരിയായിക്കൊള്ളുമെന്നാണ് എന്റെ വിശ്വാസം.

ശ്രീ. പി. എൻ. ചന്ദ്രസേനൻ : അപ്പോൾ പഞ്ചായത്ത് മെമ്പർമാർക്കും പെൻഷൻ കൊടുക്കുന്ന കാര്യം ഗവൺമെന്റ് അനുഭാവപൂർവ്വം പരിഗണിക്കുകയാണെന്ന് വിശ്വസിക്കാമോ?

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : ഇപ്പോൾ പരിഗണിക്കുന്നില്ലെന്നാണ് പറഞ്ഞത്.

കേരളത്തിലെ വനങ്ങൾ

* 66 [93] ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ :
,, തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള :
,, എം. ഐ. മാർക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വന-ജലസേചന മന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കേരളത്തിലെ വനങ്ങളുടെ ആകെ വിസ്തീർണ്ണമെത്ര; ഐ. പി. പ്രൊട്ടക്ഷൻ, റിസർവ്വ് വനങ്ങൾ ഇവ ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) റവന്യൂ ജില്ലാ അടിസ്ഥാനത്തിൽ ഫോറസ്റ്റ് ഡിവിഷനുകൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വനവും ജലസേചനവും മന്ത്രി (ഡോ: കെ. ജി. അടിയോടി) :

(എ) സംസ്ഥാനത്തെ വനങ്ങളുടെ ആകെ വിസ്തീർണ്ണം 11269 ചതുരശ്ര കിലോമീറ്ററാണ്. ജില്ല തിരിച്ചുള്ള വനങ്ങളുടെ വിസ്തീർണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്*. ഐ. പി. പ്ലാന്റേഷനെ സംബന്ധിച്ചിടത്തോളം ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ചിട്ടില്ല. മൊത്തത്തിൽ ഐ. പി. പ്ലാന്റേഷന്റെ വിസ്തീർണ്ണം 12329 ഹെക്ടർ ആണ്.

(ബി) ജില്ലാടിസ്ഥാനത്തിൽ ഫോറസ്റ്റ് ഡിവിഷനുകൾ രൂപീകരിക്കാൻ പ്രായോഗിക വിഷമതകളുണ്ട്.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ : കണ്ണൂർ ജില്ലയിൽ 292 ഏക്കർ സ്ഥലം ഉണ്ട്. അത് വനഭൂമിയായി സംരക്ഷിക്കാൻ പറ്റാത്തതുകൊണ്ട് ആ ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള വല്ല നിർദ്ദേശവും നൽകിയിട്ടുണ്ടോ? ഇല്ലെങ്കിൽ അത് പതിച്ചുകൊടുക്കാൻ ആവശ്യമായ നിർദ്ദേശം നൽകാൻ ദയവുണ്ടാകുമോ?

ഡോ: കെ. ജി. അടിയോടി : പതിച്ചുകൊടുക്കാനുള്ള വനഭൂമിയുടെ പ്രത്യേകമായ കണക്ക് എടുത്തിട്ടുണ്ട്. അതിൽ തടിവെട്ടി നീക്കിയത് റവന്യൂ ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിച്ചിട്ടുണ്ട്. അതല്ലാതെ ചില സ്ഥലങ്ങൾ വെസ്റ്റഡ് ഫോറസ്റ്റ് ലാൻഡ്, തടി ഇല്ലാതെയുള്ള പ്രദേശങ്ങളും റവന്യൂ ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിച്ചിട്ടുണ്ട്. ഇനി കൊടുക്കേണ്ടത് തടിവെട്ടി നീക്കേണ്ടതായ പ്രദേശങ്ങളിൽ, തടി വെട്ടി നീക്കുന്നതിനെപ്പറ്റി കേന്ദ്രഗവൺമെന്റിൽ നിന്നും ഒരു പ്രത്യേക നിർദ്ദേശം കിട്ടിയിട്ടുണ്ട്, വനം തെളിച്ചെടുക്കുമ്പോൾ, പത്ത് ഹെക്ടറിൽ കൂടുതൽ ഉള്ള സ്ഥലം തടി വെട്ടി തെളിക്കുമ്പോൾ കേന്ദ്രഗവൺമെന്റിൽനിന്ന് അനുമതി വാങ്ങിയല്ലാതെ തെളിക്കാൻ പാടില്ലെന്ന്. ആ നിർദ്ദേശം കിട്ടിയതിന്റെ അടിസ്ഥാനത്തിൽ അതിനെ സംബന്ധിച്ചുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. ഐ. മാർക്കോസ് : ഫോറസ്റ്റ് ഡിവിഷൻ ഓഫീസുകൾ ഫോറസ്റ്റുമായി അടുത്ത സ്ഥലങ്ങളിൽ സ്ഥാപിക്കുകയാണെങ്കിൽ ഇന്നു നടന്നുവരുന്ന വൻതോതിലുള്ള വനം കയ്യേറ്റം ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിക്കുമെന്നുള്ള കാര്യം കണക്കിലെടുത്ത് ഫോറസ്റ്റ് ഡിവിഷൻ ഓഫീസുകൾ ഫോറസ്റ്റുമായി അടുത്ത പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഡോ: കെ. ജി. അടിയോടി : അതിനെപ്പറ്റിയുള്ള ചർച്ചകളും മറ്റും നടന്നുകൊണ്ടിരിക്കുകയാണ്. ഏതാനും ആഴ്ചകൾ കൊണ്ട് ചില ഡിവിഷനുകൾ മാറ്റാനാണ് തീരുമാനിച്ചിട്ടുള്ളത് ഫോറസ്റ്റ് ഏരിയായിലേക്ക് അതിന്റെ ഹെഡ്ക്വാർട്ടേഴ്സ് മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. തെങ്ങമം ബാലകൃഷ്ണൻ : കേന്ദ്രഗവൺമെന്റിന്റെ വനസംരക്ഷണനയമനുസരിച്ച് മൊത്തം ഭൂവിസ്തൃതിയുടെ മൂന്നിലൊന്ന് വനമായിരിക്കണമെന്നുണ്ട് കേരളത്തിൽ ഈ അനുപാതം എങ്ങനെയാണ്. അനുപാതം കുറവാണോ, കുറവാണെങ്കിൽ കൂട്ടുന്നതിനുള്ള നടപടികൾ എന്തൊക്കെയാണ് സ്വീകരിച്ചിട്ടുള്ളത്?

ഡോ: കെ. ജി. അടിയോടി : കേരളത്തിൽ അതിന്റെ അനുപാതം കുറവാണ്. അത് കൂട്ടാനുള്ള മാർഗ്ഗം അല്ല ഇന്ന് പല രംഗത്തുനിന്നും ഉണ്ടാകുന്നത്. അത് കുറയ്ക്കാനുള്ള സമ്മർദ്ദത്തിന്റെ പേരിൽ ഗവൺമെന്റ് വളരെയധികം പ്രയാസം നേരിടുന്നുണ്ട്. നിയമസഭയ്ക്കകത്തും പുറത്തും വനത്തിന്റെ അനുപാതം അഖിലേൻഡ്യാടിസ്ഥാനത്തിൽ ഇന്ന് അംഗീകരിച്ചിട്ടുള്ള

* Placed is the Library

LIBRARY ARCHIVES Kerala Legislative Assembly

തിനനുസരിച്ച് ഉണ്ടാക്കുന്നതിന് സൗകര്യം ഉണ്ടാക്കിത്തരണമെന്ന് ഗവൺമെൻറ് അഭ്യർത്ഥിക്കുന്നുണ്ട്.

ശ്രീ. ദാമോദരൻ കാളാശ്ശേരി : മലബാർ പ്രദേശങ്ങളിൽ ഗവൺമെൻറ് ഏറെടുത്ത സ്വകാര്യവനത്തിൽനിന്നും നല്ല ഒരു ഭാഗം സ്വകാര്യ വ്യക്തികൾ കയ്യടക്കി എന്ന് കേൾക്കുന്നത് ശരിയാണോ?

ഡോ: കെ. ജി. അടിയോടി : ശരിയല്ല.

ശ്രീ. പി. പി. കൃഷ്ണൻ : പറമ്പിക്കുളം വനപ്രദേശം തമിഴ്നാട് ഗവൺമെൻറ് ചർത്തിയെടുത്തുകൊണ്ട് കേരളഗവൺമെൻറിന്റെ കീഴിലുള്ള വനം ജീവനക്കാരെ തമിഴ്നാട് പോലീസ് ഭീകരമായി മർദ്ദിച്ച്, അവരെ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തിട്ടുണ്ടോ? ഇക്കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഡോ: കെ. ജി. അടിയോടി : ഇക്കാര്യത്തെ സംബന്ധിച്ച് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പരാതി കിട്ടിയിട്ടില്ല. അങ്ങനെ വല്ലതും ഉണ്ടെങ്കിൽ പ്രത്യേകമായി ബഹുമാനപ്പെട്ട മെമ്പർമാരോ മറ്റു ആളുകളോ പരാതിപ്പെട്ടാൽ അന്വേഷിക്കാവുന്നതാണ്. അല്ലാതെതന്നെ ഇപ്പോൾ ഇത് ശ്രദ്ധയിൽപ്പെട്ടതായതുകൊണ്ട് നടപടി എടുക്കാം.

ശ്രീ. എം. തോമസ് : ഇൻഡസ്ട്രിയൽ പ്ലാന്റേഷൻസിന് അനേകായിരം ഏക്കർ സ്ഥലം ഉണ്ട്, കാർഡമം വച്ചു പിടിപ്പിക്കുന്നതിന് താൽക്കാലികമായി ആ സ്ഥലം വിട്ടുകൊടുത്തിരിക്കുകയാണ്. ഇനിയും സ്ഥലം ഉണ്ടെങ്കിൽ വിൻകാറോസാ (ശവക്കോട്ടച്ചെടി)പോലെ ഔഷധ വീര്യമുള്ള ചെടികൾ വച്ചുപിടിപ്പിക്കുന്നതിന് താൽക്കാലികമായിപാട്ടത്തിനു കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഡോ. കെ. ജി. അടിയോടി : ഇൻഡസ്ട്രിയൽ പ്ലാന്റേഷൻ ഡിവിഷനിൽ ഇന്ന് ഏലമോ അല്ലെങ്കിൽ വിൻകാറോസയോ മറ്റോ നട്ടു വളർത്തുന്നില്ല. അവിടെ യൂക്കാലിപ്ടസ് മാത്രമാണ് കൃഷിചെയ്യുന്നത്. ലീസിന് കൊടുത്തിട്ടുള്ള പ്രദേശങ്ങൾ, കാർഡമം പ്ലാന്റേഷന് കൊടുത്തിട്ടുള്ളത് ആദിവാസികളുടെ കയ്യിലുള്ളത് ഒഴിച്ച് കാലാവധിതീരുന്നത് ഗവൺമെൻറിന്റെ ഉത്തരവാദിത്വത്തിൽ കൃഷിചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ കുറെ ഭാഗം ഫോറസ്റ്റ് ഡവലപ്പുമെൻറ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ ഏൽപ്പിച്ചിട്ടുണ്ട്. വീണ്ടും അവധി കഴിയുന്ന കാർഡമംകോട്ടിവേഷന് ലീസിന് കൊടുത്തിട്ടുള്ളത് ഗവൺമെൻറ് ഏറെടുത്ത് നേരിട്ട് കൃഷിചെയ്യാനാണ് ഉദ്ദേശിക്കുന്നത്. വിൻകാറോസാ തുടങ്ങിയ ഇടക്കൃഷികളിൽ ഏതെല്ലാം നടത്താമെന്ന് ശാസ്ത്രീയമായ പഠനം നടത്തിക്കൊണ്ടിരിക്കുകയണ്, ഏതാനും മാസങ്ങൾക്കകം പഠനത്തിന്റെ അടിസ്ഥാനത്തി . ഇടക്കൃഷി ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. സി. വരദൻ : സർ, ചില സ്ഥലങ്ങളിൽ കുത്തകയെടുക്കുന്നവർക്ക് ആൾക്കാർ വെച്ചുപിടിപ്പിച്ച കുന്തിരിക്കം പോലുള്ള മരങ്ങളിൽനിന്നും പട്ടകൾ വെട്ടിയെടുക്കുന്നതുകൊണ്ട് മരങ്ങൾ പട്ടുപോകുന്നു. അതുകൊണ്ട് പട്ട വെട്ടിയെടുക്കുന്നതിനുള്ള നിയന്ത്രണം ഏർപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോക്ടർ കെ. ജി. അടിയോടി : പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly